പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : T 1546

04-12-2015 ൽ
മറുപടിയ്ക്ക്

## മാധ്യമ പ്രവർത്തകർക്കുള്ള സഹായങ്ങളും ആനുകൂല്യങ്ങളും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ | ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| (എ) വിവിധ മാധ്യമങ്ങളിൽ പ്രവർത്തിക്കുന്നവർക്കും മുൻപ് പ്രവർത്തിച്ചിരുന്നവർക്കും സർക്കാർ നൽകി വരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ്; പ്രസ്തുത ആനുകൂല്യങ്ങൾക്ക് അർഹതപ്പെട്ടവർ എത്രയാണ്; വിശദമാക്കുമോ ; | (എ) 16-8-1993-ലെ സ.ഉ. (പി) 07/1993/പി.ആർ, 4-2-2000 ലെ സ.ഉ (പി) 02/2000/ഐ&പി.ആർ എന്നീ ഉത്തരവുകൾ പ്രകാരം അംഗീകരിച്ച പത്രപ്രവർത്തക/പത്ര പ്രവർത്തകേതര പെൻഷനുകളാണ് വിവര പൊതുജന സമ്പർക്ക വകുപ്പ് വഴി നല്കി വരുന്ന ആനുകൂല്യങ്ങൾ.<br><br>നിലവിൽ പ്രസ്തുത ആനുകൂല്യങ്ങൾക്ക് അർഹതപ്പെട്ടവരുടെ എണ്ണം ചുവടെ ചേർക്കുന്നു.<br><br>പത്രപ്രവർത്തക പെൻഷൻ - 432<br>പത്രപ്രവർത്തക ആശ്രിത പെൻഷൻ- 83<br>അവശ പത്രപ്രവർത്തക പെൻഷൻ- 79<br>അവശ ആശ്രിത പത്രപ്രവർത്തക പെൻഷൻ-104<br>പ്രമുഖ പത്രപ്രവർത്തക പെൻഷൻ- 19<br>പ്രമുഖ ആശ്രിത പത്രപ്രവർത്തക പെൻഷൻ -23<br>പത്രപ്രവർത്തകേതര പെൻഷൻ - 668<br>പത്രപ്രവർത്തകേതര ആശ്രിത പെൻഷൻ -76<br>ആകെ -1484 പേർ |
| (ബി) മാധ്യമ സ്ഥാപനങ്ങളിൽ നിന്നുള്ള ആനുകൂല്യങ്ങൾ വാങ്ങുന്നവർക്ക് സർക്കാർ സ്കീം പ്രകാരമുള്ള ആനുകൂല്യങ്ങൾ വാങ്ങുന്നതിന് തടസ്സമുണ്ടോ ; ആയതിനുള്ള വ്യവസ്ഥകൾ വിശദമാക്കാമോ ? | (ബി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ